# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഒറ്റശ്ശേഖരമംഗലം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജിപി.5/1568/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 26/10/2024
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഒറ്റശ്ശേഖരമംഗലം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ഒറ്റശ്ശേഖരമംഗലം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഒറ്റശ്ശേഖരമംഗലം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു, ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജിപി.5/1568/2024 തീയ്യതി: 26/10/2024

# തിരുവനന്തപുരം ജില്ലയിലെ ഒറ്റശ്ശേഖരമംഗലം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ഒറ്റശ്ശേഖരമംഗലം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പ്രതാപ്കുമാർ.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 21-08-2024 | 31-08-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-08-2024 | 31-08-2024 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ലീന പി.ബി. ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി.സെലിൻ. ആർ., ഓഡിറ്റ് ഓഫീസർ
ശ്രീമതി.പ്രിയദർശിനി എസ്.ആർ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ടിനു കെ.ജെ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. അജിത് ആർ.ജെ., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ചെറുപുഷ്പം | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ.ഫൈസൽ.എ.എസ് | സെക്രട്ടറി | 01-04-2023 | 07-07-2023 |
| ശ്രീമതി.അമിത.സി.ഒ | സെക്രട്ടറി | 08-07-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കിരൺ.കെ.ജി | കൃഷിഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീമതി. നിഷ വത്സലൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |
| ഡോക്ടർ. വന്ദന.സി.ജി | വെറ്റിനറി സർജൻ | 01-04-2023 | 31-03-2024 |
| ശ്രീ.ശ്രീകുമാർ. ബി .എസ് | വി.ഇ.ഒ. എ. സർക്കിൾ | 01-04-2023 | 31-03-2024 |
| ശ്രീമതി. ലക്ഷ്മി.എ.എസ് | വി.ഇ.ഒ. ബി. സർക്കിൾ | 01-04-2023 | 31-03-2024 |
| ശ്രീമതി. വിജയലക്ഷ്മി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീ.സനൽകുമാർ.എസ്.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 01-09-2023 |
| ശ്രീമതി. രമ്യ.എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-09-2023 | 31-03-2024 |
| ശ്രീമതി. പ്രേമലത.എസ്.ആർ | ഹെഡ്മിസ്ട്രസ് | 01-04-2023 | 31-03-2024 |
| ശ്രീമതി.മിനി.കെ.നായർ | ഫിഷറീസ് എക്സ്റ്റൻഷൻഓഫീസർ | 01-04-2023 | 31-03-2024 |
| ഡോ വിനോജ് കെ.വി. | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 01-04-2023 | 19-06-2023 |
| ഡോ. ബെൻസിലാൽ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 19-06-2023 | 31-03-2024 |
| ഡോ. ധന്യചന്ദ്രൻ ജെ. | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2023 | 31-03-2024 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | വാർഷിക അനുപാതങ്ങൾ, അക്കൗണ്ട്സിന്മേലുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യ പത്രികയ്ക്കൊപ്പം സമർപ്പിച്ചിട്ടില്ല | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | ക്യാഷ് ഫ്ലോ - പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | വർഷാന്ത്യത്തിൽ സ്റ്റോക്ക് മൂല്യനിർണ്ണയം നടത്തുന്നില്ല | 1-1-3 |
| 5 | സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-4 |
| 6 | അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ പ്രതിമാസ ജേണൽ എൻട്രി നടത്തിയിട്ടില്ല | 1-1-5 |
| 7 | വസ്തു നികതി - സഞ്ചയ പ്രകാരമുള്ള വിവരവും വാർഷിക കണക്കുകളും പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | ബാങ്ക് റീകൺസിലിയേഷൻ ചെയ്തിട്ടില്ല | 1-1-7 |
| 9 | MGNREGS നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | കട മുറിയുടെ വാടക വരവ് തെറ്റായ ഹെഡിൽ രേഖപ്പെടുത്തി | 1-1-9 |
| 11 | വാടക - ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക കണക്കുകളും ഡി.സി.ബി. രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | കട മുറികളുടെ വാടക - ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-11 |
| 13 | അഡ്വാൻസ് തുകകൾ ക്രമീകരിച്ചില്ല | 1-1-12 |
| 14 | ഡി.സി.ബി. തയ്യാറാക്കാതെ വരവുകൾ വാർഷിക ധനകാര്യ പത്രികയിൽ ചേർത്തു | 1-1-13 |
| 15 | മുൻ വർഷം ബാധ്യത ഹെഡിൽ ഉണ്ടായിരുന്ന ഗ്രാന്റ് തുകകൾ ബന്ധപ്പെട്ട ഹെഡിലേക്ക് തിരികെ അടവാക്കാതെ വരവ് ഹെഡിലേക്ക് മാറ്റി | 1-1-14 |
| 16 | എം.ജി.എൻ.ആർ.ഇ.ജി.എസ്. അക്കൗണ്ടിൽ നിക്ഷേപിക്കേണ്ട തുക തനത് ഫണ്ടിൽ സൂക്ഷിക്കുന്നു | 1-1-15 |
| 17 | ബജറ്റ് | 1-2 |
| 18 | സാമ്പത്തിക വിശകലനം | 1-3 |
| 19 | ഗ്രാന്റ് വിനിയോഗം - അപാകങ്ങൾ | 1-4-1 |
| 20 | ഗ്രാന്റ് വിനിയോഗം | 1-4 |
| 21 | പദ്ധതി അവലോകനം | 1-5 |
| 22 | ക്ഷേമ പദ്ധതികൾ | 1-6 |
| 23 | ക്യാഷ് വെരിഫിക്കേഷൻ. | 1-7 |
| 24 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 25 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-9 |
| 26 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 27 | ടേക്ക്-എ-ബ്രേക്ക് - പ്രവർത്തനം ആരംഭിച്ചിട്ടില്ല | 1-11 |
| 28 | മേഖല അടിസ്ഥാനത്തിൽ മാപ്പ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല | 1-12 |
| 29 | പഞ്ചായത്ത് ആസ്തികൾ പരിപാലിക്കുന്നില്ല - തനത് വരുമാനം നഷ്ടപ്പെടുന്നു | 1-13 |
| 30 | റേഷൻകടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു | 1-14 |

| | | |
|---|---|---|
| 31 | ട്രേഡ്സ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല | 1-15 |
| 32 | സഞ്ചയ – കെട്ടിട നികുതി ഈടാക്കുന്നതിലെ അപാകതകൾ | 1-16 |
| 33 | ഹരിത കർമ്മസേന & മാലിന്യ സംസ്കരണം - പ്രവർത്തന അവലോകനം | 1-17 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്കായുള്ള ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1-1 വാർഷിക അനുപാതങ്ങൾ, അക്കൗണ്ട്സിന്മേലുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യ പത്രികയെക്കാപ്പം സമർപ്പിച്ചിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, ചട്ടം 62-2(എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികയെക്കാപ്പം സമർപ്പിച്ചിട്ടില്ല. അപാകം സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (നം.18/തീ.30-08-2024) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഐ.കെ.എം.-മായി ബന്ധപ്പെട്ട് അപാകം പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 26.06.2024ലെ 1-ാം നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 04.07.2024 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **ഒറ്റശേഖരമംഗലം** ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2024ന് അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **ഒറ്റശേഖരമംഗലം** ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

## 1-1-2 ക്യാഷ് ഫ്ലോ - പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ ആകെ ക്യാഷ് ഫ്ലോയും അതേ പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. Net Increase In Cash And Cash Equivalents 22,22,710/- രൂപയും Net Cash Generated Up By Operating + Investing + Financial Activity (A+B+C) ആയി രേഖപ്പെടുത്തിയിരിക്കുന്ന തുക 1,04,26,084/- രൂപയുമാണ്. തുകകൾ തമ്മിലെ പൊരുത്തക്കേടിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന്

സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (നം. 18/തീ. 30-08-2024) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. അപാകം പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-1-3 വർഷാന്ത്യത്തിൽ സ്റ്റോക്ക് മൂല്യനിർണ്ണയം നടത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 58 (4)(എ) പ്രകാരം സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും ഓരോ വർഷാന്ത്യത്തിലും നടത്തണമെന്നുണ്ട്. എന്നാൽ 2023-24 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് B-14 ഷെഡ്യൂൾ Stock In Hand (Inventories)-ൽ ഉൾപ്പെടുത്തിയിട്ടില്ല. ബാലൻസ് ഷീറ്റ് പ്രകാരം സ്റ്റോക്ക് മൂല്യം **0** ആണ്. അപാകം സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (നം.18/തീ.30-08-2024) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. അപാകം പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-1-4 സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

2023-24 സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത വിവിധ ചെലവുകൾക്ക് (ഉദാഹരണമായി ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ്) ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. അപാകം സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (നം.18/തീ.30-08-2024) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. അപാകം പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്

## 1-1-5 അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ പ്രതിമാസ ജേണൽ എൻട്രി നടത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റുമെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന അക്രൂവൽ ഇനങ്ങളുടെ ഡിമാന്റ് എൻട്രി പ്രതിമാസം തയ്യാറാക്കിയിട്ടില്ല.

| ഹെഡ് കോഡ് | ഇനം | ഡിമാന്റ് രേഖപ്പെടുത്തിയ വൗച്ചർ നം./തീയതി |
|---|---|---|
| 110100101 | Property Tax On Residential Buildings | 42301245/ 31-03-2024 |
| 110100102 | Property Tax On Non Residential Buildings | 42301246/ 31-03-2024 |

അപാകം സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (നം.18/തീ.30-08-2024) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. അക്രൂവൽ ഇനങ്ങളുടെ ഡിമാന്റ് എൻട്രി പ്രതിമാസം തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-1-6 വസ്തു നികുതി - സഞ്ചയ പ്രകാരമുള്ള വിവരവും വാർഷിക കണക്കുകളും പൊരുത്തപ്പെടുന്നില്ല

Property Tax (Residential And Non Residential Buildings)ന്റെ വാർഷിക ധനകാര്യ പത്രികയിലെയും സഞ്ചയ സ്റ്റേറ്റ്മെന്റിലെയും വരവ് നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | കളക്ഷൻ (രൂ.) | | ബാലൻസ് (രൂ.) (ലൈബ്രറി സെസ് ഉൾപ്പെടെ) | |
|---|---|---|---|---|
| | വാർഷിക ധനകാര്യ പത്രിക | സഞ്ചയ | വാർഷിക ധനകാര്യ പത്രിക | സഞ്ചയ |
| Property Tax On Residential Building-Current | 1113410 | 1123437 | 405936 | 721191 |

| | | | | | |
|---|---|---|---|---|---|
| Property Tax On Non Residential Building-Current | | 908529 | 939432 | 249967 | 553218 |

അപാകം സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (നം.18/തീ.30-08-2024) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. അപാകം പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-1-7 ബാങ്ക് റീകൺസിലിയേഷൻ ചെയ്തിട്ടില്ല

താഴെ ചേർത്ത ബാങ്ക് അക്കൗണ്ടുകൾ റീകൺസിലിയേഷൻ ചെയ്തിട്ടില്ല.

| AFSൽ ഹെഡ് കോഡ് | ബാങ്ക് അക്കൗണ്ട് | പാസ്ബുക്ക് ബാലൻസ് (രൂ.) | ബാങ്ക് ബുക്ക് ബാലൻസ് (രൂ.) | വ്യത്യാസം |
|---|---|---|---|---|
| 450210102 | Co-Operative Bank (4681) | 8465/- | 7979/- | പാസ്ബുക്കിൽ 486/- രൂപ കൂടുതൽ |
| 45021010 | Indian Overseas Bank (11560100006735) | 20753/- | 20237/- | പാസ്ബുക്കിൽ 516/- രൂപ കൂടുതൽ |

മേൽ അക്കൗണ്ടുകൾ റീകൺസിലിയേഷൻ ചെയ്യാത്തതിന് വിശദികരണം ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (നം.11/തീ. 29-08-2024) നൽകിയെങ്കിലും മറുപടിയോ ടി രേഖകളോ ലഭ്യമാക്കിയില്ല. മേൽ അക്കൗണ്ടുകളുടെ ബാങ്ക് റിക്കൺസിലിയേഷൻ നടത്തുകയോ നീക്കിയിരിപ്പ് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കുകയോ ചെയ്യാത്തതിനാൽ ബാങ്കിലെ നീക്കിയിരിപ്പ് തുകയുടെ ആധികാരികത ഉറപ്പാക്കാനായില്ല.

## 1-1-8 MGNREGS നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് B-4 പ്രകാരം MGNREGS നീക്കിയിരിപ്പ് 1,01,028/- രൂപയാണ്. എന്നാൽ B-17, RP-40(B) എന്നിവ പ്രകാരം പാസ്സ്ബുക്ക് നീക്കിയിരിപ്പ് തുക 8,096/- രൂപയാണ്. 92,932/- രൂപയുടെ വ്യത്യാസമുണ്ട്. മുൻ വർഷം ആയത് കൃത്യമായിരുന്നു. 2022-23 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-9-4 പ്രകാരം ദേശീയ തൊഴിലുറപ്പ് പദ്ധതി ഒലിപ്പുറം മുതൽ നാരകത്തിൻകുഴി വരെ റോഡ് നിർമ്മാണം പദ്ധതിയുടെ ഭാഗമായി മെറ്റീരിയലിന് അധികം നൽകിയ തുക 92,932/- രൂപ തിരികെ ഈടാക്കിയെങ്കിലും നാളിത് വരെയും ടി തുക ബന്ധപ്പെട്ട ഹെഡിലേക്ക് തിരികെ അടവാക്കാതെ തനത് ഫണ്ടിൽ നിലനിർത്തിയിട്ടുണ്ട്. തൻവർഷം നീക്കിയിരിപ്പ് വ്യത്യാസപ്പെട്ടതിന്റെ കാരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 23/തീ.31-08-2024) നൽകിയെങ്കിലും മറുപടിയോ ബന്ധപ്പെട്ട രേഖകളോ ലഭ്യമായില്ല. ആയതിനാൽ ടി അക്കൗണ്ടിന്റെ കൃത്യത പരിശോധിക്കാനായില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-1-9 കട മുറിയുടെ വാടക വരവ് തെറ്റായ ഹെഡിൽ രേഖപ്പെടുത്തി

പുഴനാട് ഷോപ്പിംഗ് കോംപ്ലക്സിലെ 9-ാം നമ്പർ കടമുറിയുടെ 2024 മാർച്ച് മാസത്തെ വാടകയായി 3,976/- രൂപ 1231001301/തീ. 11-03-2024 നമ്പർ രസീത് പ്രകാരം ഈടാക്കിയിട്ടുണ്ട്. ടി വരവ് 431400198 - Other Rents Receivables (Current) എന്ന ഹെഡിലാണ് മാർക്ക് ചെയ്തത്. 431400101 - Rent Receivables From Buildings (Current) എന്ന ഹെഡിലേക്ക് മാറ്റാതെയാണ് വാർഷിക ധനകാര്യ പത്രികയിൽ ചേർത്തത്. അപാകം സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (നം.18/തീ.30-08-2024) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അപാകം പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-1-10 വാടക - ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക കണക്കുകളും ഡി.സി.ബി. രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യ പത്രിക പ്രകാരം Rent Receivables From Buildings (Current) 1,60,799/- രൂപയും Rent Receivables From Buildings (Areears) 15,904/- രൂപയുമാണ് വരവ്. എന്നാൽ പഞ്ചായത്ത് തയ്യാറാക്കിയ ഡി.സി.ബി. രജിസ്റ്റർ പ്രകാരം ഇവ യഥാക്രമം 1,80,597/- രൂപ, 13,342/- രൂപ എന്നിങ്ങനെയാണ്. വാർഷിക ധനകാര്യ പത്രിക, ഡി.സി.ബി. എന്നിവ തമ്മിൽ വ്യത്യാസമുണ്ട്. അപാകം സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (നം. 18/തീ.30-08-2024) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അപാകം പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-1-11 കട മുറികളുടെ വാടക - ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ പൊരുത്തപ്പെടുന്നില്ല

കടമുറികളുടെ വാടക വിവരങ്ങൾ (Current) വാർഷിക ധനകാര്യ പത്രിക പ്രകാരം താഴെ ചേർക്കുന്നു.

| | |
|---|---|
| Demand | 297360/- (I-3 പ്രകാരം) |
| Collection | 33600/- (മുൻ വർഷത്തെ B-9 പ്രകാരം അഡ്വാൻസ് കളക്ഷൻ) + 127199/- (തൻ വർഷത്തെ RP-45 പ്രകാരം വരവ്) = 160799/- |
| Balance | 116763/- (B-15 പ്രകാരം) |

**297360 - 160799 = 1,36,561/-രൂപ**

ബാലൻസ് കണക്കാക്കുമ്പോൾ 136561 - 116763 = **19,798/-** രൂപയുടെ വ്യത്യാസമുണ്ട്. അപാകം സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (നം. 18/തീ.30-08-2024) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അപാകം പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-1-12 അഡ്വാൻസ് തുകകൾ ക്രമീകരിച്ചില്ല

താഴെ ചേർത്ത അഡ്വാൻസ് തുകകൾ ക്രമീകരിച്ചിട്ടില്ല.

**1)** 460100101 - Festival Advance ഹെഡ് പ്രകാരം 20,000/- രൂപ ലഭിക്കാനുണ്ട്. ആയത് നിലവിലും ക്രമീകരിച്ചിട്ടില്ല. ടി തുക ലഭിച്ചിട്ടുണ്ടെങ്കിൽ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണെന്നും, ക്രമീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നും സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (നം. 18/തീ.30-08-2024) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മേൽ തുക ഈടാക്കി 2024-25 വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

**2)** 2022-23 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം 460500205 - Advance To Implementing Agencies – Deposit With PWD ഹെഡ് പ്രകാരം അഡ്വാൻസ് നൽകിയതിൽ ക്രമീകരിക്കാൻ അവശേഷിച്ച 3,32,450/- രൂപ തൻവർഷവും ക്രമീകരിച്ചിട്ടില്ല. ക്രമീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (നം.18/തീ.30-08-2024) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അപാകം പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-1-13 ഡി.സി.ബി. തയ്യാറാക്കാതെ വരവുകൾ വാർഷിക ധനകാര്യ പത്രികയിൽ ചേർത്തു

IFTE & OS ലൈസൻസ് ഫീസ്, ജീവനക്കാരുടെ തൊഴിൽനികുതി, സ്ഥാപന തൊഴിൽനികുതി എന്നീ വരവുകൾ ഡി.സി.ബി. തയ്യാറാക്കാതെയാണ് വാർഷിക ധനകാര്യ പത്രികയിൽ ചേർത്തത്. അപാകം സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (നം.18/തീ.30-08-2024) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. വരവിനങ്ങളുടെ ഡി.സി.ബി. തയ്യാറാക്കി വാർഷിക ധനകാര്യ പത്രികയിൽ ചേർക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-1-14 മുൻ വർഷം ബാധ്യത ഹെഡിൽ ഉണ്ടായിരുന്ന ഗ്രാന്റ് തുകകൾ ബന്ധപ്പെട്ട ഹെഡിലേക്ക് തിരികെ അടവാക്കാതെ വരവ് ഹെഡിലേക്ക് മാറ്റി

2022-23 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക B-4ൽ ബാധ്യത ഹെഡിൽ ഉണ്ടായിരുന്ന ഗ്രാന്റ് തുകകൾ ബന്ധപ്പെട്ട ഹെഡിലേക്ക് തിരികെ അടവാക്കാതെ തൻവർഷം 190200401 - Prior Period Income - Other Incomes ഹെഡിൽ വരവായി രേഖപ്പെടുത്തി. താഴെ ചേർത്ത തുകകളാണ് B-4ലെ ബാധ്യത ഹെഡിൽ നിന്ന് 31-03-2024ൽ വരവ് ഹെഡിലേക്ക് മാറ്റിയത്

| ഹെഡ് | തുക (രൂ.) |
|---|---|
| 320700104 - Contributions For Joint Venture Projects (For Capital Expenditure) - From Block Panchayats | 326,489 |
| 320700204 - Contributions For Joint Venture Projects (For Revenue Expenditure) – From Block Panchayats | 414,450 |
| 320700404 - Contributions For Other Specific Purposes (For Revenue Expenditure) - From Block Panchayats | 318,152 |
| 320700405 - Contributions For Other Specific Purposes (For Revenue Expenditure) - From District Panchayats | 2,710,961 |

ഏത് മാനദണ്ഡ പ്രകാരമാണ് മേൽ തുകകൾ ബന്ധപ്പെട്ട ഹെഡിലേക്ക് തിരികെ അടവാക്കാതെ ബാധ്യത ഹെഡിൽ നിന്ന് വരവ് ഹെഡിലേക്ക് മാറ്റിയതെന്ന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (നം. 11/തീ. 29-08-2024) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്

## 1-1-15 എം.ജി.എൻ.ആർ.ഇ.ജി.എസ്. അക്കൗണ്ടിൽ നിക്ഷേപിക്കേണ്ട തുക തനത് ഫണ്ടിൽ സൂക്ഷിക്കുന്നു

2022-23 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-9-4 പ്രകാരം ദേശീയ തൊഴിലുറപ്പ് പദ്ധതി ഒലിപ്പുറം മുതൽ നാരകത്തിൻകുഴി വരെ റോഡ് നിർമ്മാണം പദ്ധതിയുടെ ഭാഗമായി മെറ്റീരിയലിന് അധികം നൽകിയ തുക 92,932/- രൂപ തിരികെ ഈടാക്കിയെങ്കിലും നാളിത് വരെയും ടി തുക ബന്ധപ്പെട്ട ഹെഡിലേക്ക് തിരികെ അടവാക്കാതെ തനത് ഫണ്ടിൽ നിലനിർത്തി. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (നം. 18/തീ.30-08-2024) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. ടി തുക ബന്ധപ്പെട്ട ഹെഡിലേക്ക് തിരികെ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ ബജറ്റ് റിവൈസ്ഡ് ബജറ്റ് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | ബജറ്റ് | റിവൈസ്ഡ് ബജറ്റ് |
|---|---|---|
| പാസ്സാക്കിയ തീയതി | 22.03.2023 | 13.02.2024 |
| ഭരണ സമിതി തീരുമാനം | 1(1) | 2(1) |
| മുന്നിരിപ്പ് | രൂ.6638226 | രൂ.6358824 |
| വരവ് | രൂ.505635300 | രൂ.686566235 |
| ചെലവ് | രൂ.503337700 | രൂ.687793035 |
| നീക്കിയിരിപ്പ് | രൂ.8935826 | രൂ.5132024 |

## 1-3 സാമ്പത്തിക വിശകലനം

റെസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | രൂ.20075234 |
| ഓഡിറ്റ് വർഷത്തെ വരവ് | രൂ.42291581 |
| ആകെ | രൂ.62366815 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | രൂ.40068871 |
| നീക്കിയിരിപ്പ് | രൂ.22297944 |

## 1-4-1 ഗ്രാന്റ് വിനിയോഗം - അപാകങ്ങൾ

1) ഗ്രാമപഞ്ചായത്തിൽ 2023-24 സാമ്പത്തിക വർഷം മേഖല അടിസ്ഥാനത്തിൽ പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖല അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ (രൂ.) (മറ്റുള്ളവ ഒഴികെ) | ചെലവ് (രൂ.) (മറ്റുള്ളവ ഒഴികെ) | ചെലവ് % |
|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 6694025 | 3356264 | 50.14 |
| | പട്ടിക ജാതി | 1518750 | 506250 | 33.33 |
| സേവനം | പൊതുവിഭാഗം | 341484658 | 22616251 | 6.62 |
| | പട്ടിക ജാതി | 19112810 | 9926206 | 51.93 |
| | പട്ടിക വർഗ്ഗം | 870000 | 74198 | 8.53 |
| പശ്ചാത്തലം | പൊതുവിഭാഗം | 31792678 | 11799300 | 37.11 |
| | പട്ടിക ജാതി | 1491000 | 262673 | 17.62 |
| | പട്ടിക വർഗ്ഗം | 60000 | 57514 | 95.86 |

2) സ.ഉ(കൈ)നം.84/2022/തസ്വഭവ./തീ.19.04.2022 ഖണ്ഡിക 5.4.1.9 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, റ്റി.എസ്.പി

എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്തു ശതമാനം വനിത ഘടകപദ്ധതിയ്ക്ക് വകയിരുത്തേണ്ടതാണ്. മേൽ ഉത്തരവ് ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെൻഡേഴ്സ് എന്നിവരുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടിയും കുറഞ്ഞത് 5% തുക വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണം. പ്രസ്തുത വിഭാഗങ്ങൾക്ക് വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിച്ചതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വിഭാഗം | അടങ്കൽ തുക (രൂ.) (മറ്റുള്ളവ ഒഴികെ) | ചെലവഴിച്ച തുക (രൂ.) (മറ്റുള്ളവ ഒഴികെ) | ചെലവ് ശതമാനം (%) |
|---|---|---|---|
| വനിത ഘടക പദ്ധതി | 2181750 | 812263 | 37.22 |
| കുട്ടികൾ | 1138491 | 922207 | 81.01 |
| വൃദ്ധർ | 1463717 | 538338 | 36.77 |
| ഭിന്നശേഷിയുള്ളവർ | 1542349 | 1508629 | 97.81 |

ലഭ്യമാകുന്ന തുകകൾ ഗുണഭോക്താക്കളെ കണ്ടെത്തി യഥാസമയം ചെലവഴിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

3) പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച Grants/Contributions തുകകൾ 2023-24 സാമ്പത്തിക വർഷവും ചെലവഴിച്ചിട്ടില്ല. 2022-23 സാമ്പത്തിക വർഷം നീക്കിയിരിപ്പായി അവശേഷിച്ച അതേ തുക തന്നെയാണ് 2023-24 വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിലും ഉൾപ്പെട്ടിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് (2023-24 AFS) | ഇനം | B-4 ഷെഡ്യൂൾ പ്രകാരമുള്ള തുക (രൂ.) |
|---|---|---|
| 320100198 | Grant From Suchitwa Mission | 269982 |
| 320200399 | Grants, Funds & Contributions For Specefic Purposes - Other Than Development Fund And State Sponsered Scheme Funds - Other Purposes | 950 |
| 320300103 | Grants, Funds & Contributions For Specefic Purposes – Other Government Agencies - Total Sanitation | 300440 |

പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി അനുവദിച്ചിട്ടുള്ള തുകകൾ ഇത്തരത്തിൽ ചെലവഴിക്കാതെ അവശേഷിക്കാനുണ്ടായ സാഹചര്യം അന്വേഷിച്ച് ഓഡിറ്റ് എൻക്വയറി (നം. 18/തീ.30-08-2024) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. ഗ്രാന്റുകൾ യഥാവിധം ചെലവാക്കാത്തപക്ഷം ബന്ധപ്പെട്ട ഹെഡിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് (രൂ.) | വരവ് (രൂ.) | ആകെ (രൂ.) | ചെലവ് (രൂ.) | നീക്കിയിരിപ്പ് (രൂ.) |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 8082733 | 8082733 | 11437606 | -3354873 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 6167352 | 6167352 | 4255129 | 1912223 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 157434 | 157434 | 131712 | 25722 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 1721000 | 1721000 | 2966033 | -1245033 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 2295000 | 2295000 | 1588526 | 706474 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 16952000 | 16952000 | 10739370 | 6212630 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 5995400 | 5995400 | 5535408 | 459992 |

| | | | | | |
|---|---|---|---|---|---|
| CSS | 0 | 0 | 0 | 2269300 | -2269300 |
| Sss | 0 | 0 | 0 | 4300000 | -4300000 |

* വികസന ഫണ്ട് ജനറൽ-ലെ സോഴ്സ് ഡിഡക്ഷൻ തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവായി ഉൾപ്പെടാത്തതിനാൽ നീക്കിയിരിപ്പ് നെഗറ്റീവ് ആണ്.

* കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് – ടൈഡ്, അൺടൈഡ് ഇനങ്ങളിലെ മുന്നിരിപ്പ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടില്ല.

* കേന്ദ്രാവിഷ്കൃത ഫണ്ട്, സംസ്ഥാന ആവിഷ്കൃത ഫണ്ട് എന്നിവയുടെ വരവ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

* അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ ബിൽ ജനറേറ്റ് ചെയ്യുമ്പോൾ തന്നെ ചെലവ് രേഖപ്പെടുത്തുന്നതിനാൽ ക്യൂബില്ലുകളും ട്രഷറിയിൽ നിന്നും പേയ്മെന്റ് ചെയ്യാത്ത തുകകളും ഉൾപ്പെടുന്നുണ്ട്. ആയതിനാൽ വാർഷിക ധനകാര്യ പത്രിക, ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ. എന്നിവയിലെ വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകളിൽ പൊരുത്തക്കേടുണ്ട്.

## 1-5 പദ്ധതി അവലോകനം

2023-24 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു (സുലേഖ ചെലവ് പത്രിക പ്രകാരം).

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴികെ) | ആകെ പദ്ധതി ചെലവ് (മറ്റുള്ളവ ഒഴികെ) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| സെക്രട്ടറി | 62 | 28 | 34 | 13872989 | 7850890 | 56.59 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 96 | 49 | 47 | 42483681 | 14797242 | 34.83 |
| കൃഷി ഓഫീസർ | 23 | 21 | 2 | 2618225 | 724613 | 27.67 |
| വി.ഇ.ഒ | 41 | 22 | 19 | 226658349 | 11575740 | 5 |
| വെറ്റിനറി സർജൻ | 14 | 11 | 3 | 3230550 | 1703901 | 52.74 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 18 | 16 | 2 | 6056499 | 5507082 | 90.9 |
| എച്ച്.എം. | 11 | 3 | 8 | 1120642 | 728225 | 64.9 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 19 | 13 | 6 | 5380800 | 3738113 | 69.47 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 2 | 2 | 0 | 715000 | 715000 | 100 |
| ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 0 | 64000 | 64000 | 100 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 0 | 1100000 | 1100000 | 100 |
| **ആകെ** | **289** | **168** | **121** | **303300735** | **48504806** | **15.99** |

പദ്ധതി മാർഗ്ഗരേഖയിലെ [സ.ഉ.(കൈ)നം. 84/2022/തസ്വഭവ/തീ. 19.04.2022] നിർദ്ദേശങ്ങൾ ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. **ആസൂത്രണ സമിതി**

പതിനാലാം പദ്ധതി മാർഗ്ഗരേഖയിലെ (സ.ഉ.(കൈ)നം.84/22/ത.സ്വ.ഭ.വ./തീ. 19.04.2022 ഖ.3.1.1 പ്രകാരം ആസൂത്രണ സമിതി പുന:സംഘടിപ്പിക്കേണ്ടതുണ്ട്. പഞ്ചായത്തിൽ ആസൂത്രണ സമിതി 19.11.2022ലെ 3(1) പ്രകാരം പുന:സംഘടിപ്പിച്ചിട്ടുണ്ട്. മാർഗ്ഗരേഖയുടെ ഖണ്ഡിക 3.1.1 എ(7) പ്രകാരം ആസൂത്രണ സമിതി തുടർച്ചയായി പ്രവർത്തിക്കുന്നുവെന്ന് ഭരണസമിതി ഉറപ്പാക്കണമെന്നും പദ്ധതി ആസൂത്രണ പ്രക്രിയ നടക്കുന്ന ഘട്ടത്തിൽ ആവശ്യാനുസരണവും അതിനുശേഷം കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും ആസൂത്രണ സമിതി യോഗം

ചേരണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ആസൂത്രണ സമിതി 13/01/23, 27/11/23 തീയതികളിൽ മാത്രമാണ് കൂടിയിട്ടുള്ളത്.

## 2. വർക്കിംഗ് ഗ്രൂപ്പ്

സ.ഉ(കൈ) നം. 84/2022/ത.സ്വ.ഭ.വ/തീ. 19.04.2022 ഖണ്ഡിക 3.1.2 (ബി) പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പ് വരുത്തുക. പദ്ധതി രൂപീകരണ പ്രക്രിയയിൽ നവമാധ്യമങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്തുക അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക വർക്കിംഗ് ഗ്രൂപ്പിന്റെ വിഷയ മേഖലയുമായി ബന്ധപ്പെട്ട സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുക, ക്രോഡീകരിക്കുക, അപഗ്രഥിക്കുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്. വർക്കിംഗ് ഗ്രൂപ്പ് മിനിട്ട്സുകൾ പരിശോധിച്ചതിൽ വർക്കിംഗ് ഗ്രൂപ്പുകൾ മാർഗ്ഗരേഖ പ്രകാരമുള്ള അവരുടെ കർത്തവ്യങ്ങൾ ശരിയായ രീതിയിൽ വിനിയോഗിച്ചതായി കാണുന്നില്ല.

വർക്കിംഗ് ഗ്രൂപ്പുകൾ തൻവർഷം 2 യോഗങ്ങളാണ് ചേർന്നിട്ടുള്ളത്. പതിനാലാം പദ്ധതി മാർഗ്ഗരേഖ (സ.ഉ.(കൈ)നം.84/2022)/ത.സ്വ.ഭ.വ./തീ. 19.04.2022 ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. എന്നാൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ചിട്ടുണ്ട് (എൻക്വയറി നം. 4 മറുപടി).

വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ഏതാനും നിർദ്ദേശങ്ങൾ നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 9ന് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം | ഓഡിറ്റ് എൻക്വയറി നം. 9 ന് ലഭ്യമാക്കിയ മറുപടി |
|---|---|---|---|---|
| 1 | പ്രാദേശിക സാമ്പത്തിക വികസനം | 2.12.23 | കേക്ക് നിർമ്മാണ പരിശീലനം നൽകുക | ഫണ്ടിന്റെ അപര്യാപ്തത കാരണം പദ്ധതി ഏറ്റെടുക്കാൻ സാധിച്ചിട്ടില്ല |
| 2 | പട്ടിക വർഗ്ഗ വികസനം | 21.12.2023 | കുടിവെള്ള പദ്ധതി എല്ലാ വീടുകളിലും എത്തിക്കുക. | ജലജീവൻ മിഷൻ പദ്ധതി പ്രകാരം എല്ലാ വീടുകളിലും കുടിവെള്ള കണക്ഷൻ എത്തിച്ച് കുടിവെള്ള ക്ഷാമം പരിഹരിച്ചു |
| 3 | കൃഷി | 21.12.2023 | കാർഷിക വിളകളെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക | ഫണ്ടിന്റെ അപര്യാപ്തത കാരണം പദ്ധതി ഏറ്റെടുക്കാൻ സാധിച്ചിട്ടില്ല |
| 4 | പട്ടികജാതി വികസനം | തീയതി രേഖപ്പെടുത്തിയിട്ടില്ല | SCവിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്ക് സ്വയം തൊഴിലിന് ധനസാഹായം | ഫണ്ടിന്റെ അപര്യാപ്തത കാരണം പദ്ധതി ഏറ്റെടുക്കാൻ സാധിച്ചിട്ടില്ല |

| | | | | |
|---|---|---|---|---|
| 5 | സാമൂഹ്യ നീതി | 21.12.2023 | BRC കെട്ടിടം നടപ്പിലാക്കുക | MLA ഫണ്ട് ഉപയോഗിച്ച് പുതിയ കെട്ടിടം നിർമ്മിച്ചിട്ടുണ്ട് |
| 6 | ദാരിദ്ര്യ ലഘൂകരണം | 21.12.2023 | കുടുംബശ്രീ അംഗങ്ങൾക്ക് സംരംഭങ്ങൾ തുടങ്ങാൻ സഹായം നൽകുക | ഫണ്ടിന്റെ അപര്യാപ്തത കാരണം പദ്ധതി ഏറ്റെടുക്കാൻ സാധിച്ചിട്ടില്ല |
| 7 | പൊതുമരാമത്ത് | 21.12.2023 | മണ്ടപത്തിൻകടവ് മാർക്കറ്റ് നവീകരണം | ഫണ്ടിന്റെ അപര്യാപ്തത കാരണം പദ്ധതി ഏറ്റെടുക്കാൻ സാധിച്ചിട്ടില്ല |

3. **സ്റ്റാറ്റസ് റിപ്പോർട്ട്**

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള താഴെ ചേർക്കുന്ന പ്രശ്നങ്ങൾക്കുള്ള പരിഹാര നടപടികൾ പദ്ധതികൾ മുഖേന നടപ്പാക്കിയതിന്റെ വിശദാംശം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി ൭-ന് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

| ക്രമ നം. | മേഖല | തീവ്രത | പ്രശ്നം | ഓഡിറ്റ്എൻക്വയറി ൭-ന് ലഭ്യമാക്കിയ മറുപടി |
|---|---|---|---|---|
| 1 | കൃഷി | അതീവ ഗുരുതരം | വന്യജീവി ആക്രമണം | ഫണ്ടിന്റെ അപര്യാപ്തത കാരണം പദ്ധതി ഏറ്റെടുക്കാൻ സാധിച്ചിട്ടില്ല |
| 2 | മൃഗസംരക്ഷണം ക്ഷീരവികസനം | ഗുരുതരം | ഉയർന്ന ചികിൽസ ചെലവ് | വെറ്റിനറി ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് |
| 3 | പ്രാദേശിക സാമ്പത്തിക സഹായം | ഗുരുതരം | സ്വയം തൊഴിൽ വായ്പ ലഭ്യതക്കുറവ് | ഫണ്ടിന്റെ അപര്യാപ്തത കാരണം പദ്ധതി ഏറ്റെടുക്കാൻ സാധിച്ചിട്ടില്ല |
| 4 | സാമൂഹ്യനീതി | ഗുരുതരം | BRC അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം | ഫണ്ടിന്റെ അപര്യാപ്തത കാരണം പദ്ധതി ഏറ്റെടുക്കാൻ സാധിച്ചിട്ടില്ല |
| 5 | പട്ടികജാതി വികസനം | ഗുരുതരം | കുട്ടികളുടെ അടിസ്ഥാന വികസനം | ഫണ്ടിന്റെ അപര്യാപ്തത കാരണം പദ്ധതി ഏറ്റെടുക്കാൻ സാധിച്ചിട്ടില്ല |

4. **ഗ്രാമസഭ**

പതിനാലാം പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1(1) പ്രകാരം വികസന പരിപ്രേക്ഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്. ഗ്രാമസഭ മിനിറ്റ്സ് പരിശോധിച്ചതിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്.

വാർഷിക പദ്ധതിക്ക് അന്തിമരൂപം നൽകുന്നതുമായി ബന്ധപ്പെട്ട നടപടികൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം. 4 മുഖേന ആവശ്യപ്പെട്ട ചുവടെ ചേർക്കുന്ന വിഷയങ്ങൾക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

1) പദ്ധതി മാർഗ്ഗരേഖ ഖ. 3.4.1.8, 8(എ), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ വായ്പ സാദ്ധ്യതകൾ ചർച്ച ചെയ്തിട്ടുണ്ട്.

2) പദ്ധതി മാർഗ്ഗരേഖ ഖ. 3.5.6.3(എ)-യുടെ അടിസ്ഥാനത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിച്ച് തൻവർഷം പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല .

3) പദ്ധതി മാർഗ്ഗരേഖ ഖ. 3.5.6.3 (ബി)-യുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ പരിപാടികളുമായി സംയോജിപ്പിച്ച് തൻവർഷം പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല

4) പദ്ധതി മാർഗ്ഗരേഖ ഖ. 3.8.5 (1)-ന്റെ അടിസ്ഥാനത്തിൽ നൂതന പ്രോജക്ടുകൾ തൻവർഷം പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല

5) സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsibility Fund (CSR Fund) ലഭ്യമാകുന്നതിന് എടുത്ത നടപടികൾ ലഭ്യമാക്കിയിട്ടില്ല.

മേൽ വിഷയങ്ങൾ പരിശോധിച്ച് പദ്ധതി രൂപീകരണ നിർവ്വഹണവേളയിൽ ആവശ്യമായ തുടർ നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ, പദ്ധതി രൂപീകരണ നിർവ്വഹണ വേളയിൽ ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ പങ്കാളിത്തവും മേൽനോട്ടവും ഉറപ്പുവരുത്തുന്നതിനും ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ് എന്നിവയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി പദ്ധതികൾ ഉൾക്കൊള്ളിക്കുന്നതിനും നിർവ്വഹണം നടത്തുന്നതിനും ശ്രദ്ധിക്കേണ്ടതുണ്ട്.

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളിലൂടെ ചെലവാക്കിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (രൂ.) | ഗുണ ഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 5148800 | 430 |
| വിധവ പെൻഷൻ | 11316100 | 1071 |
| വാർദ്ധക്യകാല പെൻഷൻ | 20994500 | 2182 |
| വികലാംഗ പെൻഷൻ | 3519200 | 308 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 150000 | 5 |
| 50 വയസിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 323200 | 28 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27-08-2024 തീയതിയിൽ 11.15 എ.എം-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 28,226/-(ഇരുപത്തി എട്ടായിരത്തി ഇരുന്നൂറ്റി ഇരുപത്തി ആറ്) രൂപ ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

1) ഓഫീസ് ഉത്തരവ് പ്രകാരം ജോലി വിഭജനം നടത്തി നൽകിയിട്ടുണ്ട്.

2) എല്ലാ മാസവും ഓഫീസ് മീറ്റിങ്ങ് വിളിച്ചു ചേർക്കുകയും ഓഫീസ് പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും ചെയ്യുന്നുണ്ട്.

3) ഇൻകുംബൻസി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

4) ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ, മൂവ് മെന്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടുണ്ട്.

5) പൗരാവകാശ രേഖ 2023-24 വർഷം പുതുക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ താഴെ പറയുന്ന കാര്യത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്.

2023-24 വർഷം ഗ്രാമസഭ ഒരുതവണ മാത്രമാണ് കൂടിയിട്ടുള്ളത് (6/23). സാമ്പത്തിക വർഷം നടപ്പാക്കുന്ന പദ്ധതിയ്ക്കായി നടത്തുന്ന വാങ്ങലുകളുടെ വിവരം പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. ആയത് കൃത്യമായി രേഖപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-9 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (രൂ.) | വരവ് (രൂ.) | ആകെ (രൂ.) | ചെലവ് (രൂ.) | നീക്കിയിരിപ്പ് (രൂ.) |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1111620 | 2058489 | 3170109 | 3069081 | 101028 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 119691727 | 119691727 | 119691727 | 0 |
| ആകെ | 1111620 | 121750216 | 122861836 | 122760808 | 101028 |

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 18.10.22 | 8/2021 -3/2022 | ലഭിച്ചിട്ടില്ല |
| അക്കൗണ്ട് ജനറലിന്റെ ഓഡിറ്റ് | 07.02.2019 മുതൽ 20.02.2019 വരെ | 2013-14 മുതൽ 2017-18 വരെ | 28.03.2019 |

## 1-11 ടേക്ക്-എ-ബ്രേക്ക് - പ്രവർത്തനം ആരംഭിച്ചിട്ടില്ല

2021-22 സാമ്പത്തിക വർഷത്തെ പദ്ധതിയുടെ ഭാഗമായി പൊതു ശൗചാലയങ്ങളും, ടേക്ക്-എ-ബ്രേക്ക് വിശ്രമ കേന്ദ്രങ്ങളും ആരംഭിച്ച് പരിപാലനം നടത്തണമെന്ന് സ.ഉ.(കൈ)നം.45/2020/ തസ്വഭവ/തീ: 06.03.2020 ഉത്തരവ് ഖണ്ഡിക 4.2 പ്രകാരം സർക്കാർ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഒറ്റശേഖരമംഗലം ഗ്രാമ പഞ്ചായത്തിൽ (കുരവറ) മണ്ഡപത്തിൻകടവ് മാർക്കറ്റിലും, കുന്നനാട് വാർഡിലെ ചേനാട് ഭാഗത്തും രണ്ട് പൊതുശൗചാലയങ്ങൾ നിർമ്മിച്ചിട്ടുണ്ട്.

### 1) ടേക്ക്-എ-ബ്രേക്ക് കെട്ടിടം - മണ്ഡപത്തിൻകടവ് മാർക്കറ്റ് (കുരവറ വാർഡ്)

മണ്ഡപത്തിൻ കടവ് മാർക്കറ്റിൽ നിർമ്മിച്ചിരിക്കുന്ന ടേക്ക്-എ-ബ്രേക്ക് കെട്ടിടത്തിന്റെ മുഴുവൻ പണികളും (വൈദ്യുതി കണക്ഷൻ, വാട്ടർ കണക്ഷൻ എന്നിവ ഉൾപ്പെടെ) പൂർത്തിയായിട്ടുണ്ടെങ്കിലും പൊതുജനങ്ങൾക്ക് ഉപയോഗിക്കാവുന്ന രീതിയിലുള്ള പ്രവർത്തനം ആരംഭിച്ചിട്ടില്ല.






### 2) ടേക്ക്-എ-ബ്രേക്ക് കെട്ടിടം - ചേനാട് (കുന്നനാട് വാർഡ്)

കുന്നനാട് വാർഡിലെ ചേനാട് എന്ന സ്ഥലത്ത് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്താണ് ടേക്ക്-എ-ബ്രേക്ക് നിർമ്മിച്ചിരിക്കുന്നത്. ഇവിടെ നിർമ്മിച്ചിരിക്കുന്ന പൊതു ശൗചാലയത്തിലേയ്ക്ക് പോകുന്നതിനാവശ്യമായ വഴി സൗകര്യം ഇല്ല. പൊതുവഴിയിൽ നിന്നും ഏകദേശം 100 മീറ്റർ ഓളം കാട് വളർന്ന് കിടക്കുന്ന നടവഴി മാത്രമാണുള്ളത്. എന്നാൽ ഈ വഴി സഞ്ചാരയോഗ്യമല്ല. കെട്ടിടത്തിന്റെ മുഴുവൻ പണികളും പൂർത്തിയാക്കിയിട്ടുണ്ട്. അകത്തേയ്ക്ക് പ്രവേശിക്കുന്ന മുൻഭാഗത്തെ ഡോറിന്റെ താഴ്ഭാഗം പൊളിഞ്ഞ നിലയിലാണ്. വഴിയാത്രക്കാർക്കോ, പരിസരവാസികൾക്കോ യാതൊരു പ്രയോജനവുമില്ലാത്ത രീതിയിലാണ് ടേക്ക്-എ-ബ്രേക്ക് നിർമ്മിച്ചിരിക്കുന്നത്. നിലവിൽ ശൗചാലയം പ്രവർത്തനം ആരംഭിച്ചിട്ടുമില്ല. ആയതിനാൽ ഇത് പൊതു പണത്തിന്റെ ദുരുപയോഗം ആയി ഓഡിറ്റ് വിലയിരുത്തുന്നു.






മേൽ പ്രവൃത്തികളെ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (നം. 21/ 24, തീയതി : 30.08.24). കുരവറ ടേക്ക്-എ-ബ്രേക്കിന്റെയും, ചേനാട് ടേക്ക്-എ-ബ്രേക്കിന്റെയും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ള സാഹചര്യത്തിൽ 2024 സെപ്റ്റംബർ മാസം വിപുലമായ രീതിയിൽ 2 ടേക്ക്-എ-ബ്രേക്കിന്റെയും ഉൽഘാടനം നടത്തി പ്രവർത്തനം ആരംഭിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് പ്രയോജനകരമായ രീതിയിൽ പദ്ധതി നടപ്പിലാക്കി ആയതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-12 മേഖല അടിസ്ഥാനത്തിൽ മാപ്പ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

2011ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വീതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും, ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണയിക്കുമ്പോൾ പ്രസ്തുത മേഖലകളുടെ അടിസ്ഥാനത്തിലാണ് നികുതി ഇളവ് അനുവദിക്കേണ്ടത്. ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മേഖല വിഭജനം നടത്തിയത് സംബന്ധിച്ച രേഖകൾ, ബന്ധപ്പെട്ട ഭരണ സമിതി തീരുമാനം, വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പ് തുടങ്ങിയവ ഓഡിറ്റിന് ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.5/തീ.23.08.2024) ലഭ്യമാക്കിയ മറുപടിയിൽ മേഖല തരംതിരിവ് സംബന്ധിച്ച് ഭരണ സമിതി തീരുമാനം കൈകൊണ്ടിട്ടില്ല എന്നറിയിച്ചിട്ടുണ്ട്. മേഖല അടിസ്ഥാനമാക്കിയുള്ള മാപ്പ് തയ്യാറാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 പഞ്ചായത്ത് ആസ്തികൾ പരിപാലിക്കുന്നില്ല - തനത് വരുമാനം നഷ്ടപ്പെടുന്നു

പഞ്ചായത്തിന്റെ ലേല രജിസ്റ്റർ പരിശോധിച്ചതിൽ പൂഴനാട് ഷോപ്പിംഗ് കോംപ്ലക്സിലെ നാല് കടമുറികളും മണ്ഡപത്തിൻകടവ് മാർക്കറ്റിലെ 3 കടമുറികളും മാർക്കറ്റും ലേലം ചെയ്യിരുന്നില്ല. പൂഴനാട് ഷോപ്പിംഗ് കോംപ്ലക്സിലെ നാല് കടമുറികളും മണ്ഡപത്തിൻകടവ് മാർക്കറ്റും 2021-22 സാമ്പത്തിക വർഷം മുതൽ ആരും ലേലം കൊണ്ടിട്ടില്ല. ടി കടമുറികളും മാർക്കറ്റും ലേലം ചെയ്തു നൽകുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറി(നം.19/തീ.30.08.24)പ്പിന് ലഭ്യമാക്കിയ മറുപടിയിൽ, 11.03.2024, 19.06.2024 തീയതികളിൽ ലേലത്തിന് വെച്ചുവെങ്കിലും ലേലം കൊള്ളാൻ ആരും തയ്യാറായിരുന്നില്ല എന്ന് അറിയിച്ചു.

30/08/2024 തീയതിയിൽ നടത്തിയ സ്ഥല പരിശോധനയിൽ പൂഴനാട് ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ പഴക്കം ചെന്ന് ഉപയോഗിക്കാൻ പറ്റാത്ത നിലയിൽ കാണപ്പെട്ടു. ആയതിനാൽ ആണ് ടി കടമുറികൾ ലേലം കൊള്ളാൻ ആരും തന്നെ തയ്യാറാകാത്തത്. മണ്ഡപത്തിൻകടവ് മാർക്കറ്റിൽ നടത്തിയ സ്ഥല പരിശോധനയിൽ, മാർക്കറ്റിലെ 3 കടമുറികളും വർഷങ്ങളായി പൂട്ടിയിട്ടിരിക്കുന്ന നിലയിലും കാട്ടിടിച്ച് കിടക്കുന്നതായും കാണപ്പെട്ടു. കൂടാതെ മാർക്കറ്റിലെ ഷീറ്റിട്ട ഓപ്പൺ ഷെഡ് പരിസരവാസികൾ കയ്യേറി സ്വകാര്യ ആവശ്യങ്ങൾക്ക് ഉപയോഗിച്ചിരിക്കുന്നതായി കാണപ്പെട്ടു.

പഞ്ചായത്ത് ആസ്തികൾ യഥാസമയം പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തി സംരക്ഷിക്കാതെ നശിച്ചു പോകുന്നതായും ഇതേ തുടർന്ന് പഞ്ചായത്തിന്റെ തനത് വരുമാനം നഷ്ടപ്പെടുത്തുന്നതായും ഓഡിറ്റ് വിലയിരുത്തുന്നു. തനത് വരുമാനത്തിലെ കുറവ് ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ തനത് വരുമാനത്തിന്റെ വർധനവ് ഉറപ്പ് വരുത്തുക ഗ്രാമ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം അതീവ പ്രാധാന്യം അർഹിക്കുന്ന വിഷയമാണ്. 2007-ലെ കേരള പഞ്ചായത്ത് രാജ് (തെരഞ്ഞെടുക്കപ്പെട്ട അധികാരികളും, ഉദ്യോഗസ്ഥന്മാരും തമ്മിലുള്ള തൊഴിൽപരമായ ബന്ധവും പെരുമാറ്റവും) ചട്ടങ്ങൾ 8 (1)പ്രകാരം പഞ്ചായത്തിന്റെ ഫണ്ട്, ആസ്തി, വിഭവങ്ങൾ എന്നിവ സംരക്ഷിക്കുന്നതിലും വിനിയോഗിക്കുന്നതിലും

തെരഞ്ഞെടുക്കപ്പെട്ട അധികാരിയ്ക്കും ഉത്തരവാദിത്വം ഉള്ളതിനാലും മേൽപ്പറഞ്ഞ പഞ്ചായത്തിന്റെ എല്ലാ ആസ്തികളും പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തി ഉപയോഗപ്രദമാക്കി ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്, ആയതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-14 റേഷൻകടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ റേഷൻ കടകൾക്കും 2023-34 വർഷത്തേയ്ക്ക് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സംരംഭ പ്രവർത്തനങ്ങൾക്കും നൽകേണ്ടുന്ന ലൈസൻസ് അനുവദിച്ച് നൽകിയിട്ടില്ല. കൂടാതെ റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.2.2019ലെ (സി.എസ്)എ9-764/2019-ാം നമ്പർ കത്തിൽ റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കാൻ കഴിയില്ലായെന്നറിയിച്ചിട്ടുള്ള സാഹചര്യത്തിൽ റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനും ഭരണതലത്തിൽ ഉചിതമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രസ്തുത വിവരം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.7/തീ.23.08.2024).

## 1-15 ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല

1994 കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232-ാം വകുപ്പ് പ്രകാരം ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള ആവശ്യങ്ങൾക്ക് ഗ്രാമപഞ്ചായത്ത് നൽകുന്ന ലൈസൻസ് കൂടാതെ ഏതൊരു സ്ഥലവും ഉപയോഗിക്കുവാൻ പാടില്ലാത്തതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ഗ്രാമപഞ്ചായത്തിൽ 'വാണിജ്യാവശ്യത്തിനുള്ള 100ച.മീ വരെ തറ വിസ്തീർണ്ണമുള്ള' എന്ന ഇനത്തിൽ മാത്രം വസ്തു നികുതി നിർണയിച്ചിട്ടുള്ള 937 കെട്ടിടങ്ങൾ ഉണ്ടെങ്കിലും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ പ്രകാരം 110 (ലൈസൻസ് രജിസ്റ്റർ പ്രകാരം) സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്.

ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ എന്ന ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.8/തീ.22.08.24) മാലിന്യമുക്തം നവകേരളം പദ്ധതിയുടെ ഭാഗമായ പരിശോധനയിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങൾ ഇല്ല എന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടെന്നും, ട്രേഡേഴ്സ് ലിസ്റ്റ് കാലിമാക്കി വരുന്നതായും അറിയിച്ചു.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ വാണിജ്യസ്ഥാപനങ്ങൾക്കും നിയമവിധേയമായ വ്യവസ്ഥകൾക്കനുസൃതമായി യഥാസമയം ലൈസൻസ് നൽകുന്നത് വഴി പരിസ്ഥിതി/ആരോഗ്യ സംരക്ഷണത്തിനും പഞ്ചായത്തിന്റെ തനത് ഫണ്ടിലേയ്ക്ക് ധനം എത്താനും ആയത് പഞ്ചായത്തിന്റെ വികസന പ്രക്രിയയ്ക്ക് ആക്കം കൂട്ടുന്നതിനും സഹായമാകുന്നതാണ്. ഓരോ വർഷവും വാർഡ് തലത്തിൽ ഫീൽഡ്തല പരിശോധന നടത്തി വാർഡ്തല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി വാണിജ്യ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകേണ്ടതാണ്. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതും വരുമാന സ്രോതസ്സുകൾ ഉറപ്പാക്കുന്നതിനായി ലൈസൻസ് ഫീസിന്റെ നിർണ്ണയവും ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പൊതുജനങ്ങൾക്ക് അപകടം ഉണ്ടാകുന്ന തരത്തിലും മലിനീകരണം ഉണ്ടാകുന്ന തരത്തിലും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-16 സഞ്ചയ – കെട്ടിട നികുതി ഈടാക്കുന്നതിലെ അപാകതകൾ

### 1) ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയിരിക്കുന്നു.

ജി.ഒ.(എം.എസ്)144/15/തസ്വഭവ/തീ. 27.4.2015, ജി.ഒ.(എം.എസ്)358/15/തസ്വഭവ/തീ. 16.12.2015 പ്രകാരമുള്ള ഇളവ് ഒരു കുടുംബനാഥന്റെ സ്വന്തം പേരിലുള്ള ഒരു വാസഗൃഹത്തിന്

മാത്രമായണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ സഞ്ചയയിലെ നാല് വാർഡുകൾ മാത്രം പരിശോധിച്ചതിൽ ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിരിക്കുന്നു.

| ക്രമ നം. | വാർഡ്/കെട്ടിട നം. | വ്യക്തിയുടെ പേര്, അഡ്രസ്സ് |
|---|---|---|
| 1 | 1/211 | തങ്കപ്പൻ, കാവിക്കോണം വീട്, പൂഴനാട് |
| 2 | 1/212 | |
| 3 | 4/137 C | രാജമ്മ.സി, കൈതക്കുഴി തടത്തരികത്ത് വീട്, പേരേക്കോണം |
| 4 | 4/137 D | |
| 5 | 6/490 | ശശിധരൻ നായർ, സുചിത്ര വിലാസം, നെട്ടയിൽ |
| 6 | 6/491 | |

മേൽ അപാകതയ്ക്ക് മേൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.16/തീ.29.08.24) മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് ഇത്തരത്തിൽ കെട്ടിടങ്ങൾക്ക് നികുതി ഇളവ് നൽകിയിട്ടുണ്ടോ എന്ന് പരിശോധിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**2) 60ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ളതും പാർപ്പിടാവശ്യമായ കെട്ടിടങ്ങൾക്ക് നികുതി ഈടാക്കിയിട്ടില്ല**

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. എന്നാൽ സഞ്ചയയിലെ മൂന്ന് വാർഡുകൾ മാത്രം പരിശോധിച്ചതിൽ ചുവടെ പറയുന്ന 60ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ളതും പാർപ്പിടാവശ്യമായ കെട്ടിടങ്ങൾക്ക് നികുതി ഈടാക്കിയിട്ടില്ല.

| വാർഡ് | കെട്ടിട നമ്പർ | പേര് | ഫ്ലോർ ഏരിയ ച.മീ |
|---|---|---|---|
| 1 | 17 | താഹാബീഗം | 97 |
| 1 | 72 | സെയിനം ബീവി | 100 |
| 3 | 61 | വേലപ്പൻ നായർ | 77 |
| 5 | 109 | സുരേഷ് കുമാർ | 71 |

മേൽ അപാകതയ്ക്ക് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.16/തീ.29.08.24)മറുപടി നൽകിയില്ല. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് കെട്ടിടങ്ങളുടെ നികുതി ഈടാക്കാത്തതിലെ അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 ഹരിത കർമ്മസേന & മാലിന്യ സംസ്കരണം - പ്രവർത്തന അവലോകനം

സമഗ്രവും സുസ്ഥിരവുമായ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പ്രോജക്ടുകൾ 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹിക്കണമെന്ന് സ.ഉ(സാ.ധാ)നെ.989/2023/ത.സ്വ.ഭ.വ/തീ. 06-05-2023 നമ്പർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സാ.ഉ(സാധാ)നം.1401/2023/ത.സ്വ.ഭ.വ/തീയതി 10-07-2023 നമ്പർ ഉത്തരവ് പ്രകാരം മാലിന്യ സംസ്കരണത്തിനാവശ്യമായ സമഗ്ര പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടേയും പ്രവർത്തനങ്ങളുടേയും വിശദാംശം ചുവടെ ചേർക്കുന്നു.

**1) മാലിന്യം ഉറവിടത്തിൽ തരം തിരിക്കൽ**

മാലിന്യ സംസ്കരണത്തിന്റെ ആവശ്യകത സംബന്ധിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി ക്യാമ്പെയ്നുകൾ സംഘടിപ്പിക്കുകയും മീറ്റിംഗുകൾ കൂടുകയും ചെയ്തിട്ടുണ്ടെങ്കിലും 90% വരെ മാത്രമേ വാതിൽപ്പടി ശേഖരണം നടക്കുന്നുള്ളൂ. പഞ്ചായത്തിലെ നാല് വാർഡുകളിൽ മാത്രമാണ് മാലിന്യ ശേഖരണം പൂർണ്ണ തോതിൽ നടക്കുന്നത്. Whatsapp ഗ്രൂപ്പ് വഴി ഓരോ മാസവും ശേഖരിക്കുന്ന സാധനങ്ങളുടെ വിവരം ജനങ്ങളെ അറിയിക്കുന്നു. വീടുകളിൽ മാലിന്യ സംസ്കരണത്തിനായി ബയോബിന്നുകൾ നൽകിയിട്ടുണ്ട്. ഓരോ വാർഡിൽ 15 ബിന്നുകൾ വീതം നൽകിയിട്ടുണ്ട്.

എല്ലാ വാർഡുകളിലും Mini MCF, പുഴനാട് മാർക്കറ്റിൽ MCF എന്നിവ സ്ഥാപിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച് ഗ്രാമപഞ്ചായത്തിന് കൈമാറിയ RRF-ൽ സ്ഥാപിച്ചിട്ടുള്ള മെഷിനറികൾ നിലവിൽ പ്രവർത്തനരഹിതവും RRF സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെ പരിസരം പൂർണ്ണമായും കാടുമൂടി കിടക്കുന്ന സ്ഥിതിയിലുമാണ്. ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയിലെ ആപത്കരമായ മാലിന്യം, ബയോ മെഡിക്കൽ മാലിന്യം എന്നിവ ശേഖരിച്ച് നീക്കം ചെയ്യുന്നതിനായി IMAGE എന്ന സ്ഥാപനവുമായി കരാറിലേർപ്പെടുകയും കൃത്യമായി മാലിന്യങ്ങൾ നീക്കം ചെയ്ത് വരുകയും ചെയ്യുന്നു.

നാപ്കിനുകൾ, സാനിറ്ററി പാഡുകൾ എന്നിവ സംസ്കരിക്കുന്നതിനായി ഇൻസിനറേറ്ററുകളൊന്നും സ്ഥാപിച്ചിട്ടില്ല. 2016ലെ ഖര മാലിന്യ ചട്ടങ്ങൾ സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനായി വാർഡ് തലത്തിൽ നോട്ടീസ് വിതരണം ചെയ്തിട്ടുണ്ട്. സ്കൂളുകൾ, പൊതുസ്ഥലങ്ങൾ എന്നിവ കേന്ദ്രീകരിച്ച് ഹരിത കർമ്മ സേനയുടെ സഹായത്തോടെ ശിശുദിനം, സ്വാതന്ത്ര്യ ദിനം, ഗാന്ധി ജയന്തി ദിനങ്ങളിൽ പരിസര ശുചീകരണം നടത്തി വരുന്നു. കൂടാതെ മാലിന്യ ചട്ടങ്ങൾ ലംഘിക്കുന്നവർക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നതിനായി പഞ്ചായത്ത് സെക്രട്ടറി, ഹെൽത്ത് ഇൻസ്പെക്ടർ, വി.ഇ.ഒ എന്നിവരെ ഉൾപ്പെടുത്തി വിജിലൻസ് സ്ക്വാഡ് രൂപികരിച്ചിട്ടുണ്ട്. മാസത്തിൽ രണ്ട് തവണ വിജിലൻസ് സ്ക്വാഡ് പരിശോധന നടത്തി മിനിട്സ് രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ ഇത്തരത്തിൽ പരിശോധന നടത്തി പിഴയൊന്നും ഈടാക്കിയിട്ടില്ല.

**2) അജൈവ മാലിന്യം 100% വാതിൽപ്പടി സേവനം**

26-04-2023ലെ G.O(Rt)No.922/23/LSGD പ്രകാരം പൊതു ഇടങ്ങളിലേയും ജലസ്രോതസ്സുകളിലേയും മാലിന്യം നീക്കം ചെയ്യാൻ ജൂൺ 5, ഒക്ടോബർ 2 എന്നീ ദിനങ്ങളിൽ ക്ലീൻ ഡ്രൈവ് സംഘടിപ്പിക്കുകയും പ്രോജക്ട് നമ്പർ - 224/24 പ്രകാരം 7,00,000/- രൂപ പൊതു കുളങ്ങളുടെ നവീകരണത്തിനായി വകയിരുത്തുകയും ചെയ്തിട്ടുണ്ട്. 2024 മാർച്ച് മാസത്തെ യൂസർ ഫീ കളക്ഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | ആകെ എണ്ണം | യൂസർ ഫീ ലഭ്യമായവയുടെ എണ്ണം | ശതമാനം |
|---|---|---|---|
| ആൾ താമസമുള്ള വീടുകൾ | 5139 | 4672 | 91 |
| പ്രവർത്തനമുള്ള മറ്റ് സ്ഥാപനങ്ങൾ | 434 | 237 | 55 |
| ഹോട്ടലുകൾ | 9 | 6 | 66 |
| മാർക്കറ്റ് | 2 | 0 | 0 |
| ആശുപത്രികൾ | 4 | 4 | 100 |
| സ്കൂളുകൾ | 10 | 8 | 80 |
| ആകെ | 459 | 255 | 55 |

സ.ഉ(സാധാ)നം. 789/23/LSGD/തീയതി 31-03-2023 പ്രകാരം ഹരിത കർമ്മ സേനക്ക് യൂസർഫീ നൽകാത്തവരിൽ നിന്നും കുടിശ്ശിക വരുത്തുന്നതിൽ നിന്നും വസ്തുനികുതി ഈടാക്കുന്ന അവസരത്തിൽ യൂസർ ഫീ കുടിശ്ശിക ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ യൂസർ ഫീ കുടിശ്ശിക ഈടാക്കിയിട്ടില്ല. വസ്തുനികുതി ഒടുക്കുന്ന വേളയിൽ ഗ്രീൻകാർഡ് നിർബന്ധമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**3) MCF/Mini MCF നിർമ്മാണവും വിപുലീകരണവും**

പഞ്ചായത്തിന്റെ 14 വാർഡുകളിലായി 14 Mini MCF-ഉം ഒരു MCF-ഉം ഒരു RRF-ഉം നിലവിലുണ്ട്. നിലവിലുള്ള Mini MCF-കൾ ഓരോ വാർഡിലേയും മാലിന്യം ശേഖരിക്കുന്നതിന് പര്യാപ്തമല്ല. കൂടാതെ M.C.F-ന് 800 ച.അടി വിസ്തീർണ്ണം മാത്രമാണുള്ളത്. RRF പ്രവർത്തനക്ഷമമല്ലാത്തതിനാൽ മാലിന്യ സംസ്കരണം തൃപ്തികരമായി നടക്കുന്നില്ല. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് തൻവർഷം 4 പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. (1) ഹരിതകർമ്മ സേന പ്രവർത്തനം (പ്രോജക്ട് നമ്പർ – 78/24)ന് 1,94,450/- രൂപയും, (2) ഹരിതകർമ്മ സഹായ സ്ഥാപനത്തിന് തുക കൈമാറൽ (പ്രോജക്ട് നമ്പർ - 82/24)ന് 2,43,360/- രൂപയും, (3) ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ (പ്രോജക്ട് നമ്പർ – 272/24)ന് 69,600/- രൂപയും (4) ഹരിതകർമ്മ സേനക്ക് പുഷ് കാർഡ് വിത്ത് സെഗ്രഗേഷൻ ഫെസിലിറ്റി (പ്രോജക്ട് നമ്പർ – 274/24) എന്ന പദ്ധതിക്കായി 69,700/- രൂപയും ചെലവാക്കിയിട്ടുണ്ട്.

**4)** മാലിന്യം നീക്കം ചെയ്യുന്നതിനായി വാടക വാഹനമാണ് ഉപയോഗിക്കുന്നത്. ഹരിതകർമ്മ സേനയുടെ ഉപയോഗത്തിനായി ശുചിത്വമിഷനുമായി സഹകരിച്ച് വാഹനം വാങ്ങുന്നതിനുള്ള

നടപടി പുരോഗമിച്ച് വരുന്നു. ഹരിതകർമ്മ സേനാംഗങ്ങൾ ശേഖരിക്കുന്ന അജൈവ മാലിന്യം നൽകുന്നതിനായി CKCL, IMAGE എന്നീ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങൾ യഥാസമയം ഇവ കൊണ്ടു പോകുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും ആയതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

32 ഹരിതസേനാംഗങ്ങളിൽ 8 പേർക്ക് 10,000/- രൂപയും 24 പേർക്ക് ശരാശരി 6,600/- രൂപയും മാസവരുമാനം ലഭിക്കുന്നുണ്ട്. ഹരിതകർമ്മ സേനാംഗങ്ങൾ പാഴ് വസ്തു ശേഖരണം (ഇ-വേസ്റ്റ് കുപ്പി) എന്നിവ ശേഖരിക്കുകയും ശുചിത്വമിഷൻ കലണ്ടർ പ്രകാരം ഇവ കൃത്യമായി ശേഖരിക്കുകയും ചെയ്യുന്നു. ഹരിതകർമ്മ സേനയുടെ സേവനം ഉറപ്പാക്കുന്നതിനും അവർക്ക് ലഭിക്കേണ്ട സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനം ഹരിതകർമ്മ സേനയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

**5) ജൈവ മാലിന്യ സംസ്കരണം**

മാലിന്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതിയിലുൾപ്പെടുത്തി 16 കുളങ്ങളുടെ നവീകരണവും 4 തോടുകൾ വൃത്തിയാക്കുകയും 210 സോക്ക് പിറ്റുകളും 35 കമ്പോസ്റ്റ് പിറ്റുകളും നിർമ്മിച്ചിട്ടുണ്ട്. എന്നാൽ പൊതു ജൈവ സംസ്കരണ മാലിന്യ സംവിധാനങ്ങളൊന്നും നാളിതുവരെ ഏർപ്പെടുത്തിയിട്ടില്ല. MCF-ന്റെ സ്ഥലപരിമിതി കാരണം ശേഖരിക്കുന്ന മാലിന്യങ്ങൾ കൃത്യമായി തരം തിരിച്ച് സൂക്ഷിക്കുന്നതിന് സാധിച്ചിട്ടില്ല. കൂടാതെ MCF-ൽ Bailing Machine, സോർട്ടിംഗ് ടേബിൾ, കൺവെയർ ബെൽറ്റ് എന്നിവയും സ്ഥാപിച്ചിട്ടില്ല. 2024-25 സാമ്പത്തിക വർഷത്തിൽ പ്രോജക്ട് നം. 279 പ്രകാരം MCF വിപുലീകരണം, സേനാംഗങ്ങൾക്കുള്ള വിശ്രമ മുറിയും ടോയ്‌ലറ്റ് സൗകര്യത്തിനുമായി 13,98,702/- രൂപ വകയിരുത്തിയിട്ടുണ്ട്.

മാലിന്യ കൂനകൾ ഇല്ലാത്ത വൃത്തിയുള്ള ഇടങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ഒറ്റശേഖരമംഗലം സ്കൂളിന്റെ പരിസരത്തിലെ പാർക്ക് വൃത്തിയാക്കി ചെടികൾ വെച്ചു പിടിപ്പിക്കുകയും ഇതിന്റെ നിയന്ത്രണം സ്കൂൾ എൻ.എസ്.എസ്. വിഭാഗത്തെ ഏല്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഹരിതകർമ്മ സഹായ സ്ഥാപനമായ 'AMAS' – പഞ്ചായത്തിൽ നിയമിച്ചിട്ടുള്ള കൺവീനർ മുഖാന്തിരം മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്യുന്നുണ്ട്.

6) ഹരിത കർമ്മസേനയുടെ യൂസർ ഫീ കളക്ഷൻ തുകയുടെ ഒടുക്ക് കൺസോർഷ്യം വരവ് ചെലവ് കണക്കുകൾ എന്നിവ പരിശോധിക്കുന്നതിനായി വി.ഇ.ഒ.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

7) 26-05-2023-ലെ സ.ഉ(സാധാ)നം.1109/2023/LSGD പ്രകാരം ഹരിത ഓഡിറ്റ് 24-02-2024ൽ പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

8) **മറ്റ് വിവരങ്ങൾ**

ഓഡിറ്റ് എൻക്വയറിക്ക് (നം. 03/തീ.20-08-2024) ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | പഞ്ചായത്തിലെ ആകെ ജനസംഖ്യ | 18937 |
| 2 | വാസ ഗൃഹങ്ങളുടെ എണ്ണം | 5787 |
| 3 | സ്ഥാപനങ്ങളുടെ എണ്ണം (വ്യവസായ/വാണിജ്യ/വിദ്യഭ്യാസ/ആതുര സ്ഥാപനങ്ങൾ | 459 |
| 4 | പൊതു ചന്തകളുടെ എണ്ണം | 2 |
| 5 | ഓഡിറ്റോറിയങ്ങളുടെ എണ്ണം | 4 |
| 6 | ആകെ വാർഡുകളുടെ എണ്ണം | 14 |
| 7 | ഹരിത കർമ്മ സേനാംഗങ്ങളുടെ എണ്ണം | 32 |
| 8 | പാഴ് വസ്തുക്കൾ ഏറ്റെടുക്കുന്നതിനായി കരാറിൽ ഏർപ്പെട്ടിട്ടുള്ള സ്ഥാപനം | CKC |
| 9 | ഓഡിറ്റ് വർഷം ശേഖരിച്ച ആകെ മാലിന്യത്തിന്റെ അളവ് | 20043.1 KG |
| 10 | കരാർ സ്ഥാപനത്തിന് തരം തിരിച്ച് നൽകിയ മാലിന്യത്തിന്റെ/ പാഴ്‌വസ്തുക്കളുടെ അളവ് | 11478.1 KG |
| 11 | തരം തിരിക്കാതെ നൽകിയ മാലിന്യത്തിന്റെ (ലെഗസി) അളവ് | 8565/- രൂപ |
| 12 | ഓഡിറ്റ് വർഷം യൂസർ ഫീ ഇനത്തിൽ ലഭിച്ച തുക | 2482285/- രൂപ |

| | | |
|---|---|---|
| 13 | ഹരിത ചട്ട ലംഘനങ്ങളുടെ പിഴ ഈടാക്കിയ ഇനത്തിൽ ലഭിച്ച തുക | ഇല്ല |
| 14 | മാലിന്യം/പാഴ്‌വസ്തുക്കൾ വിറ്റ വകയിൽ ലഭിച്ച തുക | 4415/- രൂപ |
| 15 | ഗ്യാപ് ഫണ്ടിനത്തിൽ ചെലവാക്കിയ തുക | ഇല്ല |
| 16 | ലെഗസി മാലിന്യം ഏറ്റെടുത്ത വകയിൽ കരാർ സ്ഥാപനത്തിന് നൽകിയ തുക | ഇല്ല |
| 17 | സഹായ സ്ഥാപനത്തെ നിയോഗിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം | അമാസ് കേരള |
| 18 | സഹായ സ്ഥാപനത്തിന് നൽകിയ കൺസൽട്ടിംഗ് തുക | 243360/- രൂപ |
| 19 | ഹരിത കർമ്മ സേനക്ക് അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കുന്നതിനും മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കുമായി തദ്ദേശ സ്വയം ഭരണ സ്ഥാപനം ഓഡിറ്റ് വർഷം ചെലവിട്ട തുക | 200000/- രൂപ വകയിരുത്തുകയും 19500/- രൂപ ചെലവാക്കുകയും ചെയ്തു |
| 20 | തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ ഉള്ള Mini, MCF, MCF, RRF എന്നിവയുടെ എണ്ണം | MCF - 1, Mnini MCF - 14, RRF -1 Alot Working |

പഞ്ചായത്തിൽ ഗ്രീൻ പ്രോട്ടോകോൾ പ്രവർത്തനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി പഞ്ചായത്തിലും, ആശുപത്രികളിലും, സ്കൂളുകളിലും ജൈവ മാലിന്യം തരം തിരിച്ച് സൂക്ഷിക്കുന്നതിനാവശ്യമായ ബയോ ബിന്നുകൾ സ്ഥാപിച്ചിട്ടുണ്ട്. ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങൾക്കായി ആവിഷ്കരിക്കുന്ന പദ്ധതികൾ പൂർണ്ണതോതിൽ ലക്ഷ്യ പ്രാപ്തി കൈവരിക്കുന്നുണ്ടോയെന്ന് പഞ്ചായത്ത് ഭരണ സമിതിയും നിർവ്വഹണ ഉദ്യോഗസ്ഥരും പരിശോധന നടത്തി ഉറപ്പാക്കേണ്ടതാണ്.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്കായുള്ള ഫണ്ട് വിനിയോഗം

**സുലേഖ ചെലവ് പത്രിക പ്രകാരം**

| വിഹിതം നൽകിയ സ്ഥാപനം | വർഷം | മുന്നിരിപ്പ് (രൂ.) | തൻ വർഷം ലഭിച്ച തുക (രൂ.) | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക (രൂ.) | നീക്കിയിരിപ്പ് (രൂ.) |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 0 | 100000 | 8/2024 - അങ്കണവാടികളിൽ | 100000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | | | അനുപൂരക പോഷകാഹാര വിതരണം - എസ്.സി.പി | | |
| | | 0 | 218250 | 10/2024 - സ്നേഹസ്പർശം മാനസിക വെല്ലുവിളി നേരിടുന്ന വർക്കുള്ള സ്കോളർഷിപ്പ് | 218250 | 0 |
| | | 0 | 500000 | 1/2024 - ക്ഷീര സമൃദ്ധി - പാലിന് സബ്സിഡി - ജനറൽ | 500000 | 0 |
| ആകെ | | 0 | 818250 | | 818250 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | 0 | 35000 | 173/2024 - ഹരിത ഭവനം പദ്ധതി | 35000 | 0 |
| | | 0 | 2040000 | 85/2024 - ലൈഫ് ഭവന പദ്ധതി 2020 എസ്.സി | 2040000 | 0 |
| | | 0 | 218250 | 10/2024 - സ്നേഹസ്പർശം മാനസീക വെല്ലുവിളി നേരിടുന്ന വർക്കുള്ള സ്കോളർഷിപ്പ് | 218250 | 0 |
| | | 0 | 300000 | 1/2024 - ക്ഷീര സമൃദ്ധി - പാലിന് സബ്സിഡി - ജനറൽ | 300000 | 0 |
| ആകെ | | 0 | 2593250 | | 2593250 | 0 |

**വാർഷിക ധനകാര്യ പത്രിക പ്രകാരം**

| | 2022-23 B-4 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് ₹ | തൻവർഷത്തെ വരവ് (വാർഷിക കണക്കുകൾ പ്രകാരം) ₹ | ആകെ ₹ | സുലേഖ പത്രിക പ്രകാരം ചെലവ് ₹ | (*)2023-24 B-4 ഷെഡ്യൂൾ പ്രകാരം നീക്കയിരിപ്പ് ₹ |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1059091 | 818250 | 1877341 | 818250 | 0 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 2710961 | 2593250 | 5304211 | 2593250 | 0 |
| **(*) 2022-23ലെ മുന്നിരിപ്പ് ഉണ്ടായിരുന്ന തുക 1,90,200,401/- രൂപ Prior Peirod Income Head-ലേയ്ക്ക് മാറ്റി. അതിനാൽ 2023-24ലെ B-4ൽ (O).** | | | | | |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ഫണ്ടിനം | മുൻകൂർ നൽകിയ തുക (രൂ.) | തൻ വർഷം ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം പ്രകാരം) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (രൂ.) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | 296/24 പോസ്റ്റ് മാറ്റി സ്ഥാപിക്കൽ 14 വാർഡുകളിലും | സി.എഫ്.സി | 313124 | 313124 | 0 |
| കെ.എസ്.ഇ.ബി. | 224/24 തെരുവ് വിളക്ക് ലൈൻ നീട്ടൽ 14 വാർഡുകളിലും | സി.എഫ്.സി | 24391 | 24391 | 0 |
| കെ.എസ്.ഇ.ബി | 223/24 ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ 14 വാർഡുകളിലും | സി.എഫ്.സി | 36992 | 36992 | 0 |
| | | **ആകെ** | **374507** | **374507** | **0** |

**വാർഷിക ധനകാര്യ പത്രിക പ്രകാരം**

| | 2022-23 B-18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് (രൂ.) | 2023-24 വർഷത്തെ നിക്ഷേപം (രൂ.) | ആകെ (രൂ.) | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതിന്റെ വിവരം (രൂ.) | 2023-24 B-18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് (രൂ.) |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 3654324 | 1737243 | 5391567 | **374507** | 3715707 |
| കെ.ഡബ്ല്യൂ.എ. | 6680026 | 0 | 6680026 | 433973* (റീഫണ്ട്) | 6246053 |
| പി.ഡബ്ല്യൂ.ഡി | 332450 | 0 | 332450 | ലഭ്യമായില്ല | 332450 |

* കെ.ഡബ്ല്യൂ.എ.-യിൽ നിന്നും 4,33,973/- രൂപ മുൻ വർഷം റീഫണ്ട് ലഭിച്ചുവെങ്കിലും പ്രസ്തുത തുക തൻവർഷമാണ് ക്രമീകരിച്ചത്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

-ഇല്ല --

## 4-4 വായ്പ/വായ്പ തിരിച്ചടവ്

**(വാർഷിക കണക്കുകൾ പ്രകാരം)**

| വായ്പ വിവരം | ഉത്തരവ് നമ്പർ/ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (രൂ.) | തൻവർഷം ലഭിച്ച തുക ( RP-31 പ്രകാരം) (രൂ.) | തൻവർഷം തിരിച്ചടച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം) (രൂ.) | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ( B-5 ഷെഡ്യൂൾ പ്രകാരം) (രൂ.) |
|---|---|---|---|---|---|
| KURDFC | ജി.ഒ(എം.എസ്) 68/18 തീ. 15.05.2018 | 50186982 | 11681394 | 5126881 | 56741495 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

-- ഇല്ല --

## 4-6 ഓഡിറ്റ് റിക്കവറി

| ക്രമ നം | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക (രൂ.) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./ തീയതി |
|---|---|---|---|---|---|
| 1 | 2022-23 | 1-9-4 | 92932 | അസിസ്റ്റന്റ് എഞ്ചിനീയർ, എം.ജി.എൻ.ആർ.ഇ.ജി.എസ് | 1231000136/03.11.2023 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 3.11(ബി) | 2007-08 | - | ചെലവ് വിവരങ്ങൾ ലഭ്യമായില്ല | തുടരുന്നു |
| 2008-09 | 2.5(സി) | 2010-11 | - | ഷോപ്പിംഗ് കോംപ്ലക്സ് വാടക | തുടരുന്നു |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

-- ഇല്ല --

## 4-9 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | രൂ.20075234 |
| ഓഡിറ്റ് വർഷത്തെ വരവ് | രൂ.42291581 |
| ഓഡിറ്റ് വർഷത്തെ ചെലവ് | രൂ.40068871 |
| നീക്കിയിരിപ്പ് | രൂ.22297944 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

### (ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

-- ഇല്ല --

### ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

-- ഇല്ല --

### (സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-- ഇല്ല --

### (ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-- ഇല്ല --

### (ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

-- ഇല്ല --

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2003-04 | കെ.എസ്.എ.റ്റി.വി.എം./ജി.പി.5/599/2022 തീയതി : 25.10.2022 | 1 (3-11(ബി) |
| 2007-08 | കെ.എസ്.എ.റ്റി.വി.എം./ജി.പി.5/599/2022 തീയതി : 25.10.2022 | 1 (3-3) |
| 2008-09 | കെ.എസ്.എ.റ്റി.വി.എം./ജി.പി.5/599/2022 തീയതി : 25.10.2022 | 1 (2-5 (സി) |
| 2009-10 | കെ.എസ്.എ.റ്റി.വി.എം./ജി.പി.5/599/2022 തീയതി : 25.10.2022 | 1 (3-3) |
| 2010-11 | കെ.എസ്.എ.റ്റി.വി.എം./ജി.പി.5/599/2022 തീയതി : 25.10.2022 | 1 (3-6) |
| 2012-13 | കെ.എസ്.എ.റ്റി.വി.എം./ജി.പി.5/599/2022 തീയതി : 25.10.2022 | 2 (3-10, 3-11) |
| 2013-14 | കെ.എസ്.എ.റ്റി.വി.എം./ജി.പി.5/599/2022 തീയതി : 25.10.2022 | 1 (3-2) |
| 2014-15 | കെ.എസ്.എ.റ്റി.വി.എം./ജി.പി.5/599/2022 തീയതി : 25.10.2022 | 5 (2-4, 2-5, 2-9, 3-8, 3-9) |
| 2015-16 | കെ.എസ്.എ.റ്റി.വി.എം./ജി.പി.5/599/2022 തീയതി : 25.10.2022 | 4 (2-2, 2-3, 3-1, 3-4) |
| 2016-17 | കെ.എസ്.എ.റ്റി.വി.എം./ജി.പി.5/599/2022 തീയതി : 25.10.2022 | 9 (2-2, 2-3, 2-4, 2-5, 3-4, 3-7, 3-8, 3-9, 3-11) |
| 2017-18 | കെ.എസ്.എ.റ്റി.വി.എം./ജി.പി.2/193/2018 തീയതി : 08.04.2019 | 28 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം./ജി.പി.2/47/2019 തീയതി : 17.03.2020 | 17 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം./ജി.പി.2/1653/2021 തീയതി : 30.10.2021 | 38 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം./ജി.പി.2/445/2022 തീയതി : 03.06.2022 | 46 |
| 2021-22 | കെ.എസ്.എ.റ്റി.വി.എം./ജി.പി.5/2221/2022 തീയതി : 03.03.2023 | 27 |
| 2022-23 | കെ.എസ്.എ.റ്റി.വി.എം./ജി.പി.5/1689/2023 തീയതി : 12.03.2024 | 28 |

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 1(1) dated 26-07-2024 and submitted on 04-07-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Ottasekharamangalam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Ottasekharamangalam Grama Panchayat as on 31-03-2024

**Date: 26/10/2024** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Ottasekharamangalam Grama Panchayat for the Year 2023-2024.

### 1.Major Observations

- - NIL - -

### 2.Other Observations

1) The Notes on Accounts under Rule 62-2 (e) and Annual Ratio under Rule 62-2 (f) of the Kerala Panchayat Raj Accounts Rules,
2011 have not been prepared and submitted along with the Annual Financial Statement.

2) As per the Kerala Panchayat Raj (Accounts) Rules 58 (4) (a), physical verification and matching of stock is to be done at the end of
every year.
But at the end of the year 2023-24,the Stock in hand (inventories) has not been included in the Balance Sheet B-14 Schedule of the annual financial statement. As per the balance sheet, the stock value is 0.

3) In the Cash Flow Statement, the amount "Net Cash Generated -Grand Total" (41306346) does not match the amount "Net Increase/
(Decrease)In Cash and Cash Equivalents" (481101).

4) Schedule B-1, which determined the performance outcome (panchayat fund) for the year, has not been made available along with
the annual accounts.

5) As per Rule 17 (2) of the Kerala Panchayat Raj Accounts Rules, the monthly demand for each item of income to be approved by
the Grama Panchayat is to be recorded through a journal entry. But on checking the ledger of various inflows, the demand entry was recorded only at the end of the financial year 2023-24 in the gram panchayat.

| Head code | Item | Date of demand entry |
|---|---|---|
| 110100101 | Property tax on residential building | 31.03.2024 |
| 110100102 | Property tax on non residential building | |

6) Provision is not recorded in the Balance Sheet B9 schedule for various outstanding expenses such as honorarium of elected representatives, fuel expenses which were not met within the financial year 2023-24.
7) The following bank accounts were not reconciled.

| AFS Head code | Bank Account | Pass book balance Rs. | Bank book balance Rs. | Defference |
|---|---|---|---|---|
| 450210102 | Othervco - operative bank - (4681) | 8465/- | 7979/- | Rs.486/- Excess in Pass book |
| 45021010 | Indian overseas Bank (11560100006735) | 20753/- | 20237/- | Rs.516/- Excess in Pass book |

8) As per B-4 schedule MGNREGS Balance amount is Rs.1,01,028/-. But as per B-17 schedule and RP-40B schedule the bank book balance amount is Rs.8,096/-. there is a difference of Rs.92,932/-. As per audit report para 1-9-4 of financial year 2022-23, Rs.92,932/- was recovered for overpayment of material as part of Olippuram to Narakathinkuzhi road construction project under Mahatma Gandhi National Rural Employment Guarantee Scheme. But this amount has been kept in own fund without being paid back to the M.G.N.R.E.G.S head.
9) For the year 2023-24, the building rent R.S 3,976/- (Room no -9, Puzhanad Shopping complex march month rent) has been included in 431400198 - Other Rents Receivables (Current) head , instead of 431400101 - Rent Receivables from Buildings (Current) head.
10) Rent receivable from buildings (current) and Rent receivable from buildings (arrear) shown in AFS (Rs.1,60,799/-) & Rs. 15,904/- respectively) differs with that of DCB Register (Rs.1,80,597/- & Rs.13,342/- respectively).
11) There is a mismatch between the demand, collection & balance of Rent recivables from buildings(current) shown as the AFS. Details are below.

| | |
|---|---|
| Demand | 297360 (as per I-3 Schedule) |
| Collection | 33600 (2022-2023 B-9 + 127199 2023-2024 RP -45) = 160799 |
| Balance | 116763 (as per B-15 Schedule) |

Demand-Colelction = 297360 - 160799 = Rs.136561/-
There is defference of Rs. 19,798/- (136561 - 116763 = 19798).

12) In the annual financial statement B-4 of the financial year 2022-2023, the grant amounts that were under the liability head were not paid back to the respective head and were recorded as income under the head 190200401 - Prior period income - Other incomes.
**Details are below :-**

| Head | Amount Rs. |
|---|---|
| 320700104 - Contributions For Joint Venture Projects (For Capital Expenditure)- From Block Panchayats | 326,489 |
| 320700204 - Contributions For Joint Venture Projects (For Revenue Expenditure)- From Block Panchayats | 414,450 |
| 320700404 - Contributions For Other Specific Purposes (For Revenue Expenditure)- From Block Panchayats | 318,152 |
| 320700405 - Contributions For Other Specific Purposes (For Revenue Expenditure)- From District Panchayats | 2,710,961 |

13) The collection and balance amounts of Property tax in Sanchaya software and AFS does not match with each other. Details given below.

| Item | Collection | | Balance(including library cess) | |
|---|---|---|---|---|
| | AFS | Sanchaya | AFS | Sanchaya |
| Property Tax on Residential building-Current | 1113410 | 1123437 | 405936 | 721191 |
| Property Tax on Non Residential building-Current | 908529 | 939432 | 249967 | 553218 |

# അനുബന്ധം-2
# ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ ഒറ്റശ്ശേഖരമംഗലം ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്